**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 544          01.12.2015-ലെ മറുപടിയ്ക്ക്

**കൺസ്യൂമർ ഫെഡിന്റെ സാമ്പത്തിക പ്രതിസന്ധി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) കൺസ്യൂമർ ഫെഡിന്റെ സാമ്പത്തിക പ്രതിസന്ധിക്കാധാരമായ കാരണങ്ങൾ വിശദമാക്കാമോ; നിലവിൽ കടബാധ്യതകൾ എത്രയാണ്; ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം നഷ്ടം എത്ര രൂപയാണ്; | (എ) വിവിധ ഉത്സവകാലങ്ങളിൽ നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിൽപ്പന നടത്തിയതുവഴി ഉണ്ടായിട്ടുള്ള നഷ്ടം നികത്തുന്നതിന് മുൻ സർക്കാരിൽ നിന്നും ലഭിക്കേണ്ട കുടിശ്ശിക തുക ഉൾപ്പെടെ ലഭിക്കേണ്ട തുകയിൽ ഈ സർക്കാരിന്റെ കാലത്ത് നൽകിയ 254.50 കോടി രൂപ കഴിച്ച് 122.21 കോടി രൂപ ലഭിക്കുന്നതിനുള്ള കാലതാമസം, ജില്ലാ സഹകരണ ബാങ്ക്, സംസ്ഥാന സഹകരണ ബാങ്ക് എന്നിവിടങ്ങളിൽ നിന്നും നാളിതുവരെ എടുത്തിട്ടുള്ള വായ്പയും പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നും സ്വീകരിച്ചിട്ടുള്ള നിക്ഷേപങ്ങളും തിരികെ നൽകാൻ കഴിയാത്തതിനാൽ ഇത്തരം സ്ഥാപനങ്ങളിൽ നിന്ന് തുടർന്നും ധനസഹായം ലഭിക്കാത്ത അവസ്ഥ എന്നിവ കൺസ്യൂമർഫെഡിന്റെ സാമ്പത്തിക പ്രതിസന്ധിക്കാധാരമായ കാരണങ്ങളിൽപ്പെടുന്നു. 31.10.2015 ലെ താല്ക്കാലിക |

ആസ്തിബാധ്യത കണക്കുപ്രകാരം ബാധ്യത 1066.02 കോടി രൂപയും, 31.03.2015 ലെ താല്ക്കാലിക കണക്കുകൾ പ്രകാരം സഞ്ചിതനഷ്ടം 416.23 കോടി രൂപയുമാകുന്നു.

| | | | |
|---|---|---|---|
| (ബി) | കൺസ്യൂമർ ഫെഡറേഷൻ ആരിൽ നിന്നെല്ലാം എത്ര കോടി രൂപ സർക്കാർ ഗ്യാരണ്ടിയിൽ വാങ്ങിയിട്ടുണ്ട്; | (ബി) | കൺസ്യൂമർഫെഡറേഷൻ തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കിൽ നിന്നും സർക്കാർ ഗ്യാരന്റിയിൽ 25 കോടി രൂപ വാങ്ങിയിട്ടുണ്ട്. |
| (സി) | കൺസ്യൂമർ ഫെഡറേഷന്റെ പെയ്ഡഡ് ക്യാപ്പിറ്റൽ എത്ര; അതിന്റെ എത്ര ഇരട്ടി നഷ്ടം നേരിട്ടുന്നുണ്ട്; വിശദാംശം നൽകുമോ; | (സി) | കൺസ്യൂമർ ഫെഡറേഷന്റെ പിരിഞ്ഞു കിട്ടിയ ഓഹരിമൂലധനം 56.52 കോടി രൂപയാണ്. അതിന്റെ 7.36 ഇരട്ടി നഷ്ടം നേരിട്ടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ